## ഗാന്ധി മെമ്മോറിയൽ യു പി സ്കൂൾ, അഞ്ചുകുന്ന്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

**TOWARDS A BETTER WORLD THROUGH EDUCATION....**



# ആമുഖം

## വിദ്യാലയ ചരിത്രം:

പേര് സൂചിപ്പിക്കുന്നത് പോലെ'അഞ്ചു കുന്നുകളുടെ നാടാണ്' അഞ്ചുകുന്ന്. കാപ്പും കുന്ന്, കാക്കാഞ്ചിറക്കുന്ന്, കല്ലുമൊട്ട കുന്ന്, വിളക്കും പാടം കുന്ന്, കച്ചേരി കുന്ന് എന്നിവയാണ് കുന്നുകൾ അഞ്ചു കുന്നുകൾ ഒന്നിച്ച് സംഗമിക്കുന്ന താഴ്വാരമാ ണ് അഞ്ചുകുന്ന് എന്ന ഇടം. ഹിന്ദു,ഇസ്ലാം,ക്രിസ്ത്യൻ,ജൈനർ തുടങ്ങിയ മതസ്ഥർക്ക് കൃത്യമായ വേരുകൾ ഉള്ള നാടാണിത്.ഗാന്ധിജിയുടെ അടുത്ത അനുയായി ആയിരുന്ന മൗലാന ഷൗക്കത്തലി അഞ്ചുകുന്നിലെ അംശം അധികാരിയായിരുന്ന മൊയ്തീൻ ഹാജിയുടെ വീട്ടിൽ 1920 കളിൽ വന്നതായി ചരിത്രം പറയുന്നു. 1802 ഒക്ടോബർ 11ന് തലയ്ക്കൽ ചന്ദുവിന്റെ നേതൃത്വത്തിൽ നടന്ന പനമരത്തെ പഴശ്ശി സമരത്തിൽ പങ്കെടുത്ത കുറിച്യ വിഭാഗത്തിലെ പിൻമുറക്കാർ ഈ പ്രദേശങ്ങളിൽ ഇന്നും താമസിക്കുന്നു.നിരവധി ചരിത്രങ്ങളുടെ കഥയുള്ള നാടാണിത്. അധികാരി മൊയ്തു ഹാജിയുടെ താല്പര്യ പ്രകാരമാണ് ഈ പ്രദേശത്ത് ആദ്യ വിദ്യാലയം സ്ഥാപിതമാകുന്നത്. ഇന്നത്തെ അഞ്ചുകുന്ന് കവലയ്ക്കടുത്ത് നിലനിന്നിരുന്ന ഇരുനില കെട്ടിടത്തിന്റെ മുകളിൽ 1922 ലാണ് ഈ വിദ്യാലയ രൂപം കൊണ്ടത്. ചെത്തുകല്ലിന് മുകളിൽ പലക വെച്ചാണ് എഴുത്ത്. താമരശ്ശേരി സ്വദേശിയായ സൂപ്പി മാസ്റ്റർ ആയിരുന്നു ആദ്യ ഗുരുനാഥൻ. മാങ്ങാപ്പാളി ശങ്കരനാരായണൻ എമ്പ്രാന്തിരി സ്ഥാപിച്ച കന്നൂട്ടി കുടിപ്പള്ളിക്കൂടമാണ് ആദ്യകാലത്തെ മറ്റൊരു വിദ്യാലയം.ഇതും ഏകാധ്യാപിക വിദ്യാലയം തന്നെ. 1947-ൽ ഈ വിദ്യാലയവും നാമാവശേഷമായി.വേലു മാസ്റ്റർ ആയിരുന്നു ഇവിടത്തെ അധ്യാപകൻ. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കാൻ സൗകര്യമുണ്ടായിരുന്ന പാലു കുന്നിലെ ജി ആർ ബി ടി വിദ്യാലയവും(1953) ഇന്ന് ചരിത്രത്തിന്റെ ഭാഗം മാത്രം. അധികാരിയുടെ നിയന്ത്രണത്തിൽ അഞ്ചുകുന്നിൽ നിലവിൽ വന്ന ഏകാധ്യാപക വിദ്യാലയത്തിന് പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗീകാരം നൽകി.1945 ൽ ബോർഡ് അഞ്ചുകുന്നിൽ ഒരു ലോവർ എലമെന്ററി വിദ്യാലയം പണിതു. ഇതിനാവശ്യമായ സ്ഥലം ലഭ്യമാക്കി, നിർമ്മാണത്തിന് വേണ്ട എല്ലാ സഹായവും അധികാരി ചെയ്തുകൊടുത്തു. ഇന്നും നിലവിലുള്ള എൽ.പി സ്കൂളിന്റെ കെട്ടിടമാണത്.പൂളക്കൽ ഈശ്വരൻ എമ്പ്രാന്തിരിയായിരുന്നു ഈ വിദ്യാലയത്തിലെ പ്രധാന അധ്യാപകൻ. അയൂട്ടി മാസ്റ്റർ,സൂഫി മാസ്റ്റർ എന്നിവരിവിടെ സേവനമനുഷ്ഠിച്ച പ്രമുഖരാണ്.

ഈ വിദ്യാലയത്തിൽ പഠനം പൂർത്തിയാക്കുന്നവർക്ക് തുടർ പഠനത്തിന് സൗകര്യം ആവശ്യമായി വന്നപ്പോൾ അധികാരി സ്ഥാപിച്ച കുടി പള്ളിക്കൂടം അതിനായി ഉപയോഗിക്കാൻ തീരുമാനിച്ചു.1949 ജൂൺ മാസത്തിൽ

അഞ്ചു കുന്നിൽ ഹയർസെ എലിമെന്ററി സ്കൂളിന് തുടക്കം കുറിച്ചു. സ്കൂളിന്റെ പ്രധാന അധ്യാപകനായി മുല്ല മമ്മൂട്ടി, പിലാക്കണ്ടി മമ്മു, കോനെത്തറ അബ്ദുള്ള ഹാജി,കെ. വി ശാരദ,പി. ദേവകി,പി ആർ രാജലക്ഷ്മി തുടങ്ങിയവർ ഉൾപ്പെടുന്ന ആദ്യ ബാച്ചിൽ 12 ആൺകുട്ടികളും നാലു പെൺകുട്ടികളും ഉണ്ടായിരുന്നു. 1948 ജനുവരി 30 സ്വതന്ത്ര ഭാരതം വിറങ്ങലിച്ച കറുത്ത വെള്ളിയാഴ്ച രാഷ്ട്രപിതാവ് ഗാന്ധിജി മരിച്ച കറുത്ത ദിനം. ശാന്തിയുടെയും കാരുണ്യത്തിന്റെയും ആൾരൂപമായി ജനകോടികൾ നെഞ്ചേറ്റിയ ആ ധീരാത്മാവിന്റെ വിയോഗം അഞ്ചു കുന്നിലും സങ്കടം വിതച്ചു.ഈ ദാരുണ സംഭവത്തിന്റെ പശ്ചാത്തലത്തിൽ അഞ്ചുകുന്നിലെ പൗരപ്രമുഖരും പൊതുപ്രവർത്തകരും ഒത്തുചേർന്നു. മഹാത്മാവിന്റെ സ്മരണാർത്ഥം പ്രദേശത്ത് ഒരു സ്ഥാപനം ഉയർന്നുവരണമെന്ന് യോഗത്തിൽ സംസാരിച്ചവരെല്ലാം നിർദേശിച്ചു. ആലോചനകളുടെ ഒടുവിൽ പുതിയ തലമുറയ്ക്ക് അക്ഷരം വെളിച്ചം പകരുന്ന ഒരു വിദ്യാലയം സ്ഥാപിക്കുക എന്ന തീരുമാനത്തിൽ എത്തിച്ചേർന്നു. അഞ്ചുകുന്ന് പ്രദേശത്തിന്റെ ചരിത്രത്തിന്റെ വഴിത്തിരിവായി മാറിയ ഈ യോഗത്തിന്റെ തീരുമാനപ്രകാരമാണ് അഞ്ചു കുന്ന് ഗാന്ധി മെമ്മോറിയൽ യുപി സ്കൂൾ സ്ഥാപിതമായത്. പാലുകുന്ന് ചന്ദ്രയ്യ ഗൗഡർ പ്രസിഡണ്ടും കണക്കശ്ശേരി മമ്മൂ ഹാജി സെക്രട്ടറി കേളു നമ്പ്യാർ ട്രഷററും ആയി രൂപീകരിക്കപ്പെട്ട സ്കൂൾ നിർമ്മാണ കമ്മിറ്റി പൊതുജന സഹായത്താൽ കെട്ടിട നിർമ്മാണത്തിന് തുടക്കം കുറിച്ചു.സാമ്പത്തിക പരാധീനത മൂലം അവസാനഘട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചപ്പോൾ പ്രസിഡന്റ് ചന്ദ്രയ്യ ഗൗഡർ സ്വന്തം നിലയിൽ അത് പൂർത്തിയാക്കി. സ്കൂളിന്റെ പ്രഥമ മാനേജരായി നിയമിക്കപ്പെട്ടത് ചന്ദ്രയ്യ ഗൗഡറെ തന്നെയാണ്. 1954 ഡിസ്ട്രിക്ട് ബോർഡിന്റെ നിയന്ത്രണത്തിലുണ്ടായ ലോവർ എലമെന്ററി സ്കൂളും ഇതേ മാനേജ്മെന്റിന്റെ കീഴിലായി.തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന കുഞ്ചു കൈമളാണ് അതിനാവശ്യമായ നടപടികൾ പൂർത്തീകരിച്ചു നൽകിയത്. ശങ്കരൻ മാസ്റ്റർക്ക് പുറമേ അഗസ്റ്റിൻ മാസ്റ്റർ,കെ.പി. നാരായണൻ മാസ്റ്റർ, കുഞ്ഞനന്തമാരാർ തുടങ്ങിയവർ ആയിരുന്നു ആദ്യകാല അധ്യാപകർ. പ്രഥമ മാനേജരായ ചന്ദ്രയ്യഗൗഡരുടെ മരണശേഷം അദ്ദേഹത്തിന്റെ മകൻ പി.സി ജയകുമാർ ആയിരുന്നു ആ സ്ഥാനം വഹിച്ചത്.1980ൽ ഈ വിദ്യാലയം റവ.ഫാദർ ജോസഫ് കിഴക്കേഭാഗം ഏറ്റെടുക്കുകയും 1983ൽ 10 ക്ലാസ്സുകളോട് കൂടിയ പുതിയ ഇരുനില കെട്ടിടം നിർമ്മിക്കുകയും ചെയ്തു. 1989ൽ 6 ക്ലാസ് മുറികളോട് കൂടിയ മറ്റൊരു കെട്ടിടം കൂടി പണിതപ്പോൾ സ്ഥലപരിമിതി പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമായി. 1998 ജൂൺ 3ന് ബഹുമാന്യ ജോസഫച്ചന്റെ നിര്യാണത്തെ തുടർന്ന് റവ. മോൺ.പാസ്ക്കൽ മെൻഡോൺസയും തുടർന്ന് റവ. ഫാ. ടോം അറയ്ക്കലും മാനേജരായി. 2002 ൽ ഈ വിദ്യാലയം കോഴിക്കോട് രൂപതയുടെ കോർപ്പറേറ്റിൽ ലയിച്ചു. കിഴക്കേ ഭാഗം അച്ഛൻ പണിതു തുങ്ങിയ പുതിയ കെട്ടിടത്തിന്റെ പണികൾ 2005 ൽ പൂർത്തിയാക്കുകയും പുതിയ ബ്ലോക്ക് ഫാ. കിഴക്കേ ഭാഗം ബ്ലോക്ക് എന്ന പേരിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

**<u>വളർച്ച ഘട്ടങ്ങൾ:</u>**

ഒരൊറ്റ മുറിയിൽ ഏകധ്യാപക വിദ്യാലയമായി തുടങ്ങിയ ഈ സരസ്വതി ക്ഷേത്രം ഇന്ന് എൽ പി 10 ഡിവിഷനുകളും യുപിയിൽ 13 ഡിവിഷനുകളുമായി 23 ക്ലാസുകളിലായി കുട്ടികൾ പഠിക്കുന്നു. വളർച്ച പാതയിൽ ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ക്ലാസ് മുറികൾ പണിയുവാൻ മാനേജ്മെന്റിനു കഴിഞ്ഞു. എണ്ണം കുറവാണെങ്കിലും മികച്ച ഒരു കമ്പ്യൂട്ടർ റൂം ഈ വിദ്യാലയത്തിനുണ്ട്.മികച്ച പിടിഎയും കഴിവുറ്റ അധ്യാപകരും മാറിമാറി വന്ന വർഷങ്ങളിൽ സ്കൂൾ വികസത്തിന് ആക്കം കൂട്ടി. 1949ൽ തുടങ്ങിയ ഈ വിദ്യാലയം ഇപ്പോഴത്തെ പ്രീ. കെ. ഇ. ആർ ഇരുനില കെട്ടിടത്തിലാണ് ആരംഭിച്ചത്. 1983-ൽ മുൻ മാനേജരായ ഫാദർ ജോസഫ് കിഴക്കേഭാഗം പത്തു മുറികളോടുകൂടിയ ഇരുനില കെട്ടിടം പണിതു. 1989-ൽ 6 ക്ലാസ് മുറികളുള്ള മറ്റൊരു കെട്ടിടം കൂടി അച്ചൻ പണിതു. ഇത് ഒരു പരിധിവരെ സ്ഥലപരിമിതി പ്രശ്നങ്ങൾ മറികടക്കാൻ സാധിച്ചു.

പിന്നിട്ട വർഷങ്ങളിൽ സേവനമനുഷ്ഠിച്ച മികച്ച ഹെഡ്മാസ്റ്റർമാരും അധ്യാപകരും ഈ വിദ്യാലയം മികച്ച സ്കൂളുകളുടെ പട്ടികയിലേക്ക് ഉയർത്തി. കാലാകാലം മാറി വന്ന പി. ടി. എ കളും ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ മികച്ച പങ്ക് വഹിച്ചു. തുടങ്ങിയ കാലം മുതലുള്ള നാട്ടുകാരുടെ സ്വപ്നമായിരുന്നു ഈ വിദ്യാലയം ഹൈസ്കൂളായി ഉയർത്തണമെന്നത്. 7 കിലോമീറ്റർ അകലെയുള്ള ഹൈസ്കൂളിൽ പോകാനുള്ള ബുദ്ധിമുട്ട് കാരണം ഏഴിൽ നിന്ന് വിജയിച്ച പല കുട്ടികളും തുടർപഠനം നിർത്തുന്നതാണ് പതിവ്. ഇന്നും ഹൈസ്കൂൾ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചിട്ടില്ല.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## കുട്ടികളിൽ വികസിക്കേണ്ട പൊതു ധാരണകൾ - June 3 -13, 2025

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | തിയ്യതി | ചുമതല |
|---|---|---|---|
| മയക്കുമരുന്ന്/ ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാവാൻ ധാരണ രൂപപ്പെടുത്തുന്നു. | ബോധവൽക്കരണ ക്ലാസ് | ജൂൺ 3 | അധ്യാപകർ, ലഹരി വിരുദ്ധ ക്ലബ് കോഡിനേറ്റർ |
| റോഡിലൂടെ യാത്ര ചെയ്യുമ്പോൾ കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ/ ആർജിക്കേണ്ട ശേഷികൾ, തിരിച്ചറിവുകൾ വിവിധ ക്ലാസ് റൂം പ്രവർത്തനങ്ങ ളിലൂടെ നൽകുന്നു. | ട്രാഫിക്ക് സിഗ്നൽ, ചിഹ്നങ്ങൾ പരിചയപ്പെടുന്നു ( ചിത്രരചന)<br>ക്ലാസ് തല ബോധവൽക്കരണ ക്ലാസ് | ജൂൺ 4 | അധ്യാപകർ |
| വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയ്ക്ക് പ്രാധാന്യത്തിന് ഊന്നൽ നൽകിക്കൊണ്ട് കുട്ടികളിൽ ശുചിത്വ ബോധവും ഹരിതബോധവും വളർത്തിയെടുക്കുന്നു. | സ്കൂൾതലത്തിൽ ബോധവൽക്കരണ ക്ലാസ്<br>ഔഷധി ചെടി നട്ടു സംരക്ഷണം | ജൂൺ 5 | അധ്യാപകർ |
| ആരോഗ്യവും വിദ്യാഭ്യാസവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പൂർണ്ണ ആരോഗ്യമുള്ള കുട്ടികളിൽ മാത്രമേ പഠനത്തിലും പഠനേതര പ്രവർത്തനത്തിലും മികവ് കൈവരിക്കാൻ കഴിയുള്ളു എന്ന ബോധ്യം കുട്ടികളിൽ | ക്ലാസ് തല ബോധവൽക്കരണം<br>വ്യായാമ ക്ലാസ് | ജൂൺ 9 | അധ്യാപകർ |

| | | | |
|---|---|---|---|
| രൂപീകരിക്കുന്നു. | | | |
| കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്ന ഡിജിറ്റൽ കേന്ദ്രത്തിൽനിന്ന് ഡിജിറ്റൽ അച്ചടക്കം സംബന്ധിക്കുന്ന മാർഗ്ഗനിർദേശങ്ങളും ധാരണകളും കുട്ടികളിൽ എത്തിക്കുന്നു. | അനുഭവം പങ്കുവയ്ക്കൽ<br>ഡിജിറ്റൽ ഉപകരണങ്ങൾ- ഗുണവും ദോഷവും( ചർച്ച) | ജൂൺ 10 | അധ്യാപകർ |
| പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു. | സ്കൂൾ പരിസരം പൊതു ഇടങ്ങളായ ടോയ്ലറ്റ്, ലൈബ്രറി, വാഷിംഗ് ഏരിയ സന്ദർശിച്ച് സംരക്ഷിക്കുന്നു.<br>വീഡിയോ" എന്റെ വിദ്യാലയം എന്റെ സ്വന്തം " | ജൂൺ 11 | അധ്യാപകർ |
| പരസ്പര സഹകരണം വ്യക്തിജീവിതത്തിനും സാമൂഹിക ജീവിതത്തിനും അനിവാര്യമാണ് ഇതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് വിവിധ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ നൽകുന്നു. | ഉന്നതിയിലെ വിദ്യാർത്ഥികൾക്ക് സാധനങ്ങൾ ശേഖരിച്ച് പരസ്പരം കൈമാറുന്നു.<br>കഥ അവതരണം (ഗുണപാഠം ) | ജൂൺ 12 | അധ്യാപകർ |
| ക്രോഡീകരണം | | ജൂൺ 13 | അധ്യാപകർ |

**ഒന്നൊരുക്കം -**

കഥകളും പാട്ടുകളും കളികളും കൂട്ടായ പ്രവർത്തനങ്ങളും അഭിനയമൊക്കെയായി ഈ വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ ആരംഭിച്ചു. ഭാഷാപരവും സാമൂഹികപരവും സർഗാത്മവുമായ കഴിവുകൾ വർധിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ വളരെയധികം ഉത്സാഹത്തോടെ കുട്ടികൾ പങ്കെടുക്കുകയുണ്ടായി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | തിയ്യതി | ചുമതല |
|---|---|---|---|
| 1. താളാത്മകമായി ചലിക്കുന്നതിനും പേശികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നതിന്. | **ഒന്നാം ദിനം**<br>മഴ നടത്തം, മഴയുടെ ശബ്ദം തിരിച്ചറിയുന്നു, മഴ പാട്ട്, മഴക്കാഴ്ചകൾ.<br>മീനിനെ നിർമ്മിക്കുന്നു, കുമിള നിർമിക്കാം ലഘുപരീക്ഷണം, കോഴിയമ്മയും കുഞ്ഞുങ്ങളും, വലുത് ചെറുത്, മൂവ്ആൻഡ് ഫ്രീസ്. | 03.06.2025 | |
| 2. നിരീക്ഷണ ഫലങ്ങൾ താരതമ്യം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുന്നതിന്. | രണ്ടാം ദിനം<br>- പൂക്കൾ ഒട്ടിക്കാം, നിറം മാറുന്ന പൂവ്, പാസിംഗ് ദ ബോൾ, കഥ പറയാം, ചിത്രരചന പരുന്ത്.<br>- | 04.06.2025 | |
| 3. സന്ദർഭങ്ങൾ അഭിനയിച്ചു കാണിക്കുന്നു. | മൂന്നാം ദിനം<br>- വഴി കണ്ടുപിടിക്കാം, നിറം നൽകാം മഴവില്ല്, ലഘുപരീക്ഷണം സ്പോഞ്ച് വെള്ളം കുടിക്കുമോ, | 05.06.2025 | |
| 4. കഥ കേട്ട് ഊഹിച്ച് | - നാലാം ദിനം | 06.06.2025 | |

| | | | |
|---|---|---|---|
| പറയുന്നതിനും. നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും. | രൂപങ്ങൾ തിരിച്ചറിയുന്നു, കൈയുറപ്പറവ നിർമ്മാണം, അളക്കാം കണ്ടെത്താം. | | |
| 5. വസ്തുക്കളെ വലിപ്പത്തിനനുസരിച്ച് തരംതിരിക്കുന്നു. | അഞ്ചാം ദിനം<br>- തരം തിരിക്കാം കൂട്ടങ്ങൾ ആക്കാം, അളക്കാം, ബോൾ പാസ്. | 09.06.2025 | |
| 6. പ്രാണികളെ തിരിച്ചറിയുന്നു നിഗമനങ്ങൾ രൂപീകരിക്കുന്നു. | ആറാം ദിനം<br><br>- ഇലകൾ വരച്ചു ചേർക്കാം, ഇല വിയർക്കുമോ പരീക്ഷണം, സ്റ്റിക്ക് ആൻഡ് റിതം. | 10.06.2025 | |
| | ഏഴാം ദിനം<br><br>- പന്ത് എറിഞ്ഞ് കുപ്പി വീഴ്ത്താം, കാന്ത കൗതുകം, കഥ ഊഹിച്ചു പറയാം, പച്ചക്കറികൾ തിരിച്ചറിയാം,. | 11.06.2025 | |
| | എട്ടാം ദിനം<br><br>- കുഞ്ഞു ഉറുമ്പിന് വഴി കാണിക്കാം., സ്റ്റാൻഡിങ് ബോൾ, ട്രാഫിക് ലൈറ്റ്. | 12.06.2025 | |

| | | | |
|---|---|---|---|
| | ഒമ്പതാം ദിനം<br><br>- ഉത്സവ കാഴ്ചകൾ കഥ, മുഖം മൂടി നിർമ്മാണം, പാട്ട് അരങ്ങ് - വായ്ത്താരികൾ പാടുന്നു.<br><br>പത്താം ദിനം<br><br>- കഥ പറയാം, ജിക്സോപസ്സിൽ (ആന), ഊതാം നീക്കാം, അഭിനയിക്കാം. | 13.06.2025<br><br><br><br><br>16.06.2025 | |

# MASTER PLAN

# LP

# 2025-2026

# ക്ലാസ് I

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • സ്വരാക്ഷര ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് പറയുന്നു വായിക്കുന്നു എഴുതുന്നു വ്യഞ്ജനാക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുന്നു എഴുതുന്നു. | • ക്രയോൺസ് ഉപയോഗിച്ച് അക്ഷരങ്ങൾക്ക് നിറം നൽകുന്നു അക്ഷരങ്ങൾ ആവർത്തിച്ചു പറയുകയും എഴുതുകയും ചെയ്യുന്നു...ജൂൺ മാസം | ജൂൺ | ക്ലാസ്സ് അധ്യാപകർ |
| • സ്വരാക്ഷര ചിഹ്നങ്ങൾ പരിചയപ്പെടുന്നു | • അക്ഷരക്കാടുകൾ ഉപയോഗിച്ച് വായിക്കുന്നു അക്ഷര ചിഹ്നങ്ങൾ വരയ്ക്കുന്നു ജൂലൈ മാസം | ജൂലൈ | |
| • വ്യഞ്ജനാക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുന്നു എഴുതുന്നു | • പാട്ടുകൾ നാലുവരി കവിതകൾ കഥകൾ എന്നിവ വായിക്കുന്നു ഓഗസ്റ്റ് | അക്കാദമിക വർഷം | |

**<u>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-26</u>**

- ജൂൺ - സന്നദ്ധത പ്രവർത്തനങ്ങൾ
- ജൂലൈ -അക്ഷര ചിത്രങ്ങൾ, സംയുക്ത ഡയറി

- ഓഗസ്റ്റ് -കഥകൾ അനുഭവങ്ങൾ പങ്കിടൽ
- സെപ്റ്റംബർ -അഭിനയം
- ഒക്ടോബർ- ചിത്ര വായന
- നവംബർ - കഥയുടെ പുനര അവതരണം.
- ഡിസംബർ -വായന കാർഡ് നിർമ്മാണം
- ജനുവരി -വിവരണം എഴുതുന്നു
- ഫെബ്രുവരി- ഡയറി എഴുത്ത്
- മാർച്ച്- ഡയറി പ്രകാശനം തൽസമയ രചനകൾ നിർമ്മാണം

**ENGLISH:**

| AIMS | ACTIVITIES | PERIOD | INCHARGE |
|---|---|---|---|
| Associate words with picture | Games drawing coloring stories. | June | Class Teacher |
| Names familiar objective scene in the picture | Sharing ideas from the story told by the teacher and parents | July | |
| Recognise letters and their sounds | Alphabet tree alphabet card picture reading | August | |
| Respond arali to comprehension question related to stories and poems | A retailing of the story letters symbols and words play | September | |
| Use noun such as boy son fruits prepositions like in on under etc | Caption for image<br>learning the names of fruits | October<br>November | |
| Identify characters and sequence of the story and ask the questions about story | Storytelling and observation | December | |

| | | | |
|---|---|---|---|
| Talks about self situations picture in English<br><br>Writing diary | Reading card making<br><br>Reading the book from the help of the teacher Forms simple sentence using video<br><br>my home is my school writing /description | January<br><br>February<br><br>March | |

**COMPREHENSIVE QUALITY EDUCATION PROGRAMME 2025-26**

- June- introduce symbol words
- July- identify familiar words
- August - read and enjoys stories
- September: Making suitable caption
- October: identify the names of fruits and vegetables
- November: learn prepositions
- December: making Simple sentences
- January: Reading stories
- February: making Simple sentences
- March : making diary

## ഗണിതം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് കഴിവ് നേടുന്നു. | ഗണിതശയങ്ങളായ ചെറുത്,വലുത്, കൂടുതൽ,കുറവ്, അകലെ,അടുത്ത്, മുകളിൽ,താഴെ, ചിത്രങ്ങൾ --വർക്ക് ഷീറ്റുകൾ എന്നിവ നൽകുന്നു. | ജൂൺ | |
| ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.<br>ഒന്നു മുതൽ 10 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു. | ഒന്നു മുതൽ 10 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു. വസ്തുക്കൾ എണ്ണിയെടുക്കുന്നു എഴുതുന്നു.<br>മൂർത്ത വസ്തുക്കൾ നൽകി അതിനെ കണ്ടെത്തുന്നു. | ജൂലൈ | |
| | സംഖ്യാബോധം നേടുന്നു.സംഖ്യാ വ്യാഖ്യാനം. കൂട്ടങ്ങൾ എടുത്തുവച്ച് തുക കണ്ടെത്തുന്നു. മുത്തുകൾ ഈർക്കിലുകൾ എന്നിവ ഉപയോഗിക്കുന്നു. | ആഗസ്റ്റ് | |
| | ഒന്നു മുതൽ 10 വരെ സംഖ്യ ബോധം. വസ്തുക്കളുടെ സഹായത്തോടെ തുക കാണുന്നു. ഇ എൽ പി എസ് മെത്തേഡ് ഉപയോഗിക്കുന്നു. | സെപ്റ്റംബർ | |
| | പത്തിന്റെ കൂട്ടങ്ങൾ പത്തിനോട് ചേർന്നാൽ ക്ലാസ് റൂം അനുഭവങ്ങൾ നൽകുന്നു. | ഒക്ടോബർ | |

| | | | |
|---|---|---|---|
| | സംഖ്യ ബോധം കൂട്ടുകാർക്ക് ക്രമനമ്പർ നൽകാം.<br><br>രണ്ടക്ക സംഖ്യകളുമായി ബന്ധപ്പെട്ട നിർദ്ധാരണം പ്രായോഗിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു.<br>കാലം<br>സങ്കലനം വ്യവകലനം ഒന്നു മുതൽ 50 വരെയുള്ള സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br><br>സംഖ്യകളെ ആരോഹണ അവരോഹണ രീതിയിൽ ക്രമീകരിക്കുന്നു. ക്ലാസ് റൂം അനുഭവങ്ങൾ<br>ഒന്നു മുതൽ 100 വരെയുള്ള സംഖ്യാബോധം. സംഖ്യകൾ. തിരിച്ചറിഞ്ഞ് അക്ഷരത്തിലും അക്കത്തിലും എഴുതുന്നു. | നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | |

**<u>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-26</u>**

1.ചിത്ര വായന-- ജൂൺ
2. സംഖ്യാ ചിത്രങ്ങൾ-- ജൂലൈ
3. നമ്പർ കാർഡുകൾ-- ഓഗസ്റ്റ്.
4. കൂട്ടങ്ങളാക്കൽ-- സെപ്റ്റംബർ.
5. വലിയ കൂട്ടം ചെറിയ കൂട്ടം-- ഒക്ടോബർ.

6. സംഖ്യാ കാർഡ് നിർമ്മാണം --നവംബർ.
7. ഗണിത കിറ്റ്- ഡിസംബർ.
8. സംഖ്യാ ഗാനങ്ങൾ-- ജനുവരി.
9. സംഖ്യ ക്രമീകരണം-- ഫെബ്രുവരി.
10. പാറ്റേൺ പൂർത്തിയാക്കൽ-- മാർച്ച്.

# ക്ലാസ്: 2

## മലയാളം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള നേടുക( വായന)<br><br>വായിച്ച സാമഗ്രികളിലെ ആശയം കണ്ടെത്തുക. ലേഖനം<br><br>വായന സാമഗ്രികൾ വായിച്ച് ആശയഗ്രഹണം നടത്തി വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കുക | പ്രീ ടെസ്റ്റ് നടത്തുന്നു ചിത്രകാർഡുകൾ നൽകുന്നു( ചിത്രവും പദവും ഉൾക്കൊള്ളുന്നവ ) ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കുന്നു. കടങ്കഥകൾ പറയുന്നു. വായന സാമഗ്രികൾ നിർമ്മിക്കുന്നു. വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നു സംയുക്ത ഡയറി എഴുതുന്നു. കുട്ടി കവിത എഴുതുന്നു. വായിക്കുന്നു മലയാള തിളക്കം പ്രവർത്തനം.<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട | ജൂലൈ<br><br>ആഗസ്റ്റ് | അധ്യാപിക<br><br>അധ്യാപിക |

| | | | |
|---|---|---|---|
| ചിത്രങ്ങൾ നിരീക്ഷിച്ച് ആശയങ്ങൾ കണ്ടെത്തി പറയുന്നു എഴുതുന്നു<br><br>വായിച്ചു ഗ്രഹിച്ച ആശയത്തെ കുറഞ്ഞ വാക്കുകളിൽ എഴുത്ത്,ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് പോസ്റ്റർ വാക്യങ്ങൾ തയ്യാറാക്കുന്നു.<br><br>വായന സാമഗ്രികൾ വായിച്ച് ആശയം ഗ്രഹിക്കുന്നു വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നു.<br><br>സർഗാത്മകതയെ തട്ടി ഉണർത്തുക<br><br>വാക്യ ഘടന പാലിച്ച് ലഘുവാക്യങ്ങൾ എഴുതുന്നു.<br><br>വായന സാമഗ്രികൾ സ്വന്തമായി ഒഴുക്കോടെ വായിക്കാൻ കഴിയുന്നു. | വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നൽകുന്നു ഉദാഹരണം പോസ്റ്റർ നിർമ്മാണം ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു( അന്യഭാഷ കുട്ടികൾക്ക് പ്രയോജനപ്പെടുന്നു)<br><br>ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കുന്നു. അമ്മ വായന സി പി ടി യെ രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കുന്നു. വീട്ടിൽ ലൈബ്രറി ഒരുക്കുന്നതിന് നിർദ്ദേശം നൽകുന്നു.<br><br>വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കുന്നു. വായിച്ച കഥയിൽ നിന്നും സംഭാഷണം തയ്യാറാക്കുന്നു. വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. വായിച്ച കഥാരംഗങ്ങളെ അഭിനയിച്ചു കാണിക്കുന്നു. പതിപ്പുകൾ തയ്യാറാക്കുന്നു.<br><br>ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനായി ലഘു പതിപ്പുകൾ തയ്യാറാക്കുന്നു. കഥ, | സെപ്റ്റംബർ ഒക്ടോബർ<br><br>ഒക്ടോബർ നവംബർ<br><br>ഡിസംബർ ജനുവരി<br><br>ഫെബ്രുവരി മാർച്ച് | |

| | | | |
|---|---|---|---|
| | കവിത രചനയ്ക്കുള്ള അവസരം നൽകുന്നു. അന്യഭാഷ കുട്ടികൾക്ക് ചിത്രരചന പോസ്റ്റർ രചന എന്നിവ നൽകുന്നു.<br><br>രചന പ്രവർത്തനങ്ങൾക്ക് അവസരം നൽകുന്നു. കഥ,കവിത രചനകൾക്കുള്ള വേദിയൊരുക്കുന്നു. അന്യഭാഷ കുട്ടികൾക്ക് അവരുടെ ഭാഷയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. അവരെയും നൃത്ത പരിപാടികളിൽ പങ്കെടുപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ അന്യഭാഷ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. കവിതാപൂരണത്തിന് അവസരം.<br><br>വ്യക്തിഗത രചനക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി പതിപ്പുകൾ, കയ്യെഴുത്ത് മാസികകൾ എന്നിവ തയ്യാറാക്കുന്നു. സംയുക്ത ഡയറി എഴുതുന്നു വീട്ടു വായന, കൂട്ടുവായന, അമ്മ വായന,എന്നിവ തുടരുന്നു. അന്യഭാഷ കുട്ടികൾക്ക് ചിത്രങ്ങൾ നോക്കി പറയുന്നതിന് അവസരം നൽകുന്നു | | |

- കടങ്കഥകൾ ശേഖരിച്ച് പതിപ്പ് നിർമ്മിക്കുന്നു ( ജൂൺ)
- നാടൻ പാട്ട് അവതരണം (ജൂലൈ)
- ദേശഭക്തിഗാനങ്ങൾ പാടുന്നു ( ആഗസ്റ്റ്)
- ഓണച്ചൊല്ലുകൾ ( സെപ്റ്റംബർ)
- ഗാന്ധിജിയെ കുറിച്ചുള്ള കഥകൾ -അവതരണം ( ഒക്ടോബർ )
- ചാച്ചാജി- കഥകൾ വായിക്കുന്നു ( നവംബർ)
- കവിതകൾ- അവതരണം. ( ഡിസംബർ)
- പലഹാരമേള. ( ജനുവരി)
- കുറിപ്പ് തയ്യാറാക്കുന്നു. ( ഫെബ്രുവരി)
- ക്ഷണക്കത്ത് തയ്യാറാക്കൽ ( മാർച്ച്)

## ENGLISH

| AIMS | ACTIVITIES | PERIOD | INCHARGE |
|---|---|---|---|
| English language provides opportunities for listening and speaking.<br><br>(Speaking Skills)<br><br>Provides opportunities for speaking and reading.<br>(Reading Skills)<br><br>Able to name surrounding objects in English, observe surroundings, and write down what was seen. | Listening English poems & stories.<br>Provides opportunities for reading.(Display card, Instrument card)<br>Conducts small conversations, poems, picture reading. Introduces oneself. Tells stories.<br><br>Small reading cards, paper cuttings, finds new words<br>Draw a picture, add lines, identify familiar objects and name them, write them down, prepare a note.<br><br>Prepare a word web (Padhasooryan), and write down things seen in the | June | SRG |

| | | | |
|---|---|---|---|
| | picture | | |

**COMPREHENSIVE QUALITY EDUCATION PROGRAMME 2025-26**

- June- Self Introduction
- July- Picture collection
- August- Animals and birds
- September- Reading card making
- October- Action songs
- November- Add more lines
- December- Conversation
- January- Description
- February- Riddles-Fruits
- March- Skit, Story telling

**ഗണിതം:**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത കിറ്റ് ഉപയോഗിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നു.<br><br>ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എങ്ങുന്നു എഴുതുന്നു(100ൽ താഴെ )<br><br>സംഖ്യ ബോധം ഉറപ്പിക്കുന്നു (ആരോഹണാവരോഹണ ക്രമം )<br><br>സംഘടന വ്യവകലന ക്രിയകൾ ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു<br><br>സ്ഥാനവില തിരിച്ചറിയുന്നു ( ഒന്ന്, 10)<br><br>കലണ്ടർ നോക്കി ഗണിത ആശയങ്ങൾ കണ്ടെത്തുന്നു | പ്രീ ടെസ്റ്റ് ഈർക്കിലികളും, കമ്പുകളും, വള, കടലാസ്, എന്നിവ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു. ( വൃത്തം,ചതുരം, ത്രികോണം)<br><br>സംഖ്യ റിബൺ, മഞ്ചാടിക്കുരു, ഈർക്കിൽ എന്നിവ ഉപയോഗിക്കുന്നു എണ്ണി പറയുന്നു. പാറ്റേണുകൾ, അടുത്തതാര് എന്നീ പ്രവർത്തനങ്ങൾ നൽകുന്നു.അന്യഭാഷ കുട്ടികൾക്ക് പങ്കാളിത്തം<br><br>വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും സംഖ്യകളെ ക്രമത്തിൽ എഴുതുന്നു.<br><br>മനക്കണക്കുകൾ നൽകുന്നു. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br><br>കളി നോട്ടുകൾ നൽകുന്നു. സ്ഥാന വില പോക്കറ്റ് നിർമ്മിക്കുന്നു. അബാക്കസ് എന്നിവ ഉപയോഗിക്കുന്നു. അന്യഭാഷ കുട്ടികളെ പരിഗണിക്കുന്നു. | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ | അധ്യാപിക |

| | | | |
|---|---|---|---|
| | കലണ്ടർ നിർമ്മിക്കുന്നു കലണ്ടറിൽ കൊടുത്തിരിക്കുന്ന ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ് നേടുന്നു. അന്യഭാഷ കുട്ടികൾക്കും പങ്കാളിത്തം നൽകുന്നു. ഗണിത പതിപ്പുകൾ തയ്യാറാക്കുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | |

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-26:**

- June - വിവിധ രൂപങ്ങൾ പരിചയപ്പെടുത്തുന്നു
- July- കൂട്ടങ്ങൾ ( ഒന്ന്, പത്ത്)
- August- പതാക നിർമ്മാണം
- September- സംഖ്യ റിബൺ
- October- ബാഡ്ജ് നിർമ്മാണം
- November - തൊപ്പി നിർമ്മാണം
- December- സ്റ്റാർ നിർമ്മാണം
- January- പാറ്റേൺ കണ്ടെത്തുന്നു
- February- കുസൃതി കണക്ക് ശേഖരണം
- March - സ്ഥാനവില പോക്കറ്റ് നിർമ്മാണം

## പരിസരപഠനം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്<br><br>ശാസ്ത്ര കൗതുകം<br><br>പ്രകൃതിയെ അറിയാൻ<br><br>നാട് അറിയാൻ നാട്ടറിവുകൾ | ശുചിത്വ സർവ്വേ ക്ലാസുകൾ, പോസ്റ്റർ രചന മത്സരം അവതരണങ്ങൾ<br><br>ശാസ്ത്രത്തെ കുറിച്ചുള്ള കൂടുതൽ അറിവ് നേടൽ, പരീക്ഷണങ്ങൾ<br><br>പ്രകൃതി നടത്തം /കാണാ കാഴ്ചകൾ<br><br>കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക്, നമുക്കും കർഷകരാകാം | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ | അധ്യാപിക |

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-26**

- June - ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു
- July - കൃഷി ഉപകരണങ്ങൾ (ആൽബം)
- August - സ്വാതന്ത്ര സമര സേനാനികൾ( ആൽബം)
- September- പൂക്കൾ- ആൽബം
- October- ഗാന്ധി -പതിപ്പ്

- November- വിവിധ കലാരൂപങ്ങൾ പതിപ്പ്
- December- ആഘോഷങ്ങൾ-ചിത്രപ്പതിപ്പ്
- January- പലതരം പലഹാരങ്ങൾ -ചിത്ര പതിപ്പ്
- February - പലതരം വീടുകൾ- ആൽബം
- March -പലതരം കൂടുതൽ

## ക്ലാസ് III:

### മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന : മലയാളം മലയാളം തെറ്റ് കൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ<br><br>ലേഖനം:<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക.<br>അക്ഷരം തെറ്റു കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്താനുള്ള ശേഷി കൈവരിക്കൽ | പ്രീ ടെസ്റ്റ് -<br>ക്ലാസ് ലൈബ്രറി വികസനം<br>ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ<br>അമ്മ വായന<br>അമ്മമാരുടെ വായനാ കുറിപ്പുകൾ സി.പി.ടി.എ യിൽ അവതരിപ്പിക്കുന്നു.<br>വായനാ കാർഡുകൾ തയാറാക്കൽ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചന നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ | |

| | | | |
|---|---|---|---|
| സർഗാത്മക പ്രകടനം | പോസ്റ്റർ<br>ജൂൺ- 19 വായന ദിനം വായനവാരം<br>ആഗസ്റ്റ് - 6 ഹിരോഷിമ ദിനം<br>പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം<br>പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം<br>സെപ്റ്റംബർ 5<br>അധ്യാപക ദിനം<br>പഴയ കാല അധ്യാപകരുമായി<br>അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധി ജയന്തി<br>കുറിപ്പ് തയാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം<br>കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം<br>കുട്ടികൾ തയാറാക്കിയ വിവിധ<br>വ്യവഹാര രൂപങ്ങൾ<br>അവതരിപ്പിക്കൽ വേദി -<br>സി.പി.ടിഎ | ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | |

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-26**

- June - നാടൻപാട്ട് ശേഖരണം
- July - നാടൻപാട്ട് ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു
- August - അഭിമുഖം -സ്വാതന്ത്ര്യ സമര സേനാനി
- September - ഓണച്ചൊല്ല് ശേഖരണം
- October - വിവരണം -ഗാന്ധിജി
- November - ചാച്ചാജി കവിത

- December - കഥാരചന
- January - കവിത എൻ്റെ ഇന്ത്യ
- February - കവി പരിചയം
- March - എൻ്റെ മികവ് പ്രദർശനം

**ENGLISH:**

| AIMS | ACTIVITIES | PERIOD | INCHARGE |
|---|---|---|---|
| Every one should be able to learn speak, | Handle class in english | June | |
| write in english. | English assembly one's in a week. | | |
| To speak english fluently | conducting debate,seminar | | |
| To improve reading | Write diary in english. | July | |
| To improve vocabulary | Pick and tell. | | |
| To learn more rhymes | Reading card making. | | |
| To Identify colours | word game | August | |
| To learn spellings | rhymes world | | |
| To know about understand how to make a | colour world | September | |
| dictionary | spelling world | | |
| To learn about grammar | Dictionary making | | |
| To improve their critical thinking, and | Exercise in grammar book. | | |
| vocabulary skills | Read the article or book. | October | |
| Be confident when speak Infront of people | Practice speaks with correct | | |
| without stammering | pronounciation. | | |
| To record daily Experienced, thoughts and | Cross word. | November | |
| feelings in a personal reflective mannar | Word search. | | |
| To improve pronounciation, articulation | Flash cards. | | |
| and fluency in speaking. | Speech. | | |
| Foster cognitive development and problem | Conversation. | December | |
| solving skills | Daily news reading activities. | | |
| To enhance comprehension and retention | Dairy daily routine. | | |
| of language skills | Tongue twisters. | | |
| To develop accuracy and fluency in | Characters. | January | |
| writing,improve communication skills | Puzzles | | |
| To teach life about ourselves and about | conducting quiz competition | | |

| | | | |
|---|---|---|---|
| others.<br>To speak fluency in english<br>To promote deeper understanding and retention of information by visually organizing and relating concept<br>To facilitate student learning helping them. acquire knowledge skills.<br>To enable learners to understand and correctly use these words to express relationship of time, space, location and other concept in sentence.<br>To enhance comprehension and literacy skill<br>To paricipate more effectively in conversation | Spelling' bee' contest word game.<br>Debate,seminar<br>Read short stories.<br>Read autobiography of famous people.<br>Story byheart at least.<br>Concept map.<br>Description Reading and answer the question.<br>Learning with actions<br>picture reading<br>'WH' questions. | February<br><br><br><br><br>March | |

**COMPREHENSIVE QUALITY EDUCATION PROGRAMME 2025-26:**

- June - self introduction
- July - ICT_ phonic Sound
- August - Speech competition
- September - Add morelines
- October - Collecting thoughts
- November_ Description -Nehru
- December - Story writing
- January - Skit
- February - English Theatre
- March - English Theatre

## ഗണിതം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|

| | | | |
|---|---|---|---|
| ചതുരം, ത്രികോണം, വൃത്തം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു.<br><br>999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക.<br><br>സങ്കലന -വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br><br><br>ഗുണന വസ്തുതകൾ നേടൽ ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾനേടൽ. | പ്രീ ടെസ്റ്റ്<br>ഈർക്കിലുകൾ, കമ്പുകൾ, വള, കടലാസ് എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു.<br><br>സംഖ്യാ പാറ്റേണുകൾ, നാണയങ്ങൾ, കളിനോട്ടുകൾ പാറ്റേണുകൾ വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ.<br><br>മന:കണക്കുകൾ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br><br>മന:കണക്കുകൾ- - മഞ്ചാടിക്കളി നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | |

## പരിസരപഠനം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളൽ നല്ല ബോധം ഉണ്ടാക്കുക.<br>ചുറ്റുപാടുമുള്ള ജീവികളുടെ വൈവിധ്യവും പ്രധാന്യവും തിരിച്ചറിയുന്നു<br>വ്യക്തി ശുചിത്വം<br>ജലം, മണ്ണ് എന്നിവ സംരക്ഷിക്കേണ്ട ആവശ്യകത തിരിച്ചറിയുന്നു.<br>വ്യക്തി ശുചിത്വത്തിൻ്റെ പ്രധാന്യം തിരിച്ചറിയുന്നു. സുരക്ഷിത ജീവിതം<br>നാം ജീവിക്കുന്ന ലോകം<br>ചുറ്റുപാടും നിരീക്ഷിച്ച് വിവിധ ജീവികളുടെ വാസസ്ഥലം തിരിച്ചറിയുന്നു. | ചെടികൾ നിരീക്ഷിക്കുന്നു_<br>പ്രകൃതി നടത്തം<br>സസ്യങ്ങൾ, പൂക്കൾ എന്നിവ തിരിച്ചറിയുന്നു<br>പരിസ്ഥിതി ദിനാചരണം<br>ഹരിതക്കാർ സ് നിർമ്മാണം<br>മണ്ണ് നിരീക്ഷണം<br>ചിത്ര ശേഖരണം<br>വ്യത്യസ്ത തരം ജീവിക്കള നിരീക്ഷണം<br>പോസ്റ്റർ<br>സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ<br>കിണർ സന്ദർശനം<br>മണ്ണ് നിരീക്ഷണം<br>മണ്ണ് കൊണ്ടുള്ള രൂപങ്ങൾ നിർമ്മിക്കൽ<br>പോസ്റ്റർ<br>മഴ മാപിനി<br>പോസ്റ്റർ<br>സ്കൂൾ ശുചിത്വ ക്ലബ്<br>Interview -ആരോഗ്യ പ്രവർത്തകർ<br>എൻ്റെ ആരോഗ്യക്കാർഡ്<br>സ്കൂൾ പച്ചക്കറിത്തോട്ടം<br>ശരിയായ ഭക്ഷണ ശീലം<br>Poster<br>ഫീൽഡ് ട്രിപ്പ്<br>food festival, Firstaid Kit<br>ചർച്ച | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | |

| | | | |
|---|---|---|---|
| | റോൾ പ്ലേ<br>ബോധവൽക്കരണം<br>ഗ്ലോബ്ബ് നിർമ്മാണം<br>ദേശീയപതാക വരക്കൽ<br>ഗ്ലോബ്ബ് നിരീക്ഷണം<br>ദേശീയചിഹ്നങ്ങൾ<br>ഭൂപട വായന<br>എൻ്റെ കേരളം - ചിത്രരചന<br>ജീവികളുടെ കൂടുകൾ<br>ചിത്ര ശേഖരണം<br>വ്യത്യസ്ത വീടുകൾ ആൽബം<br>വീട് നിർമ്മാണ ഇടം സന്ദർശനം<br>Survey - വ്യത്യസ്ത തരം ജോലികൾ<br>പൊതു സ്ഥാപനം സന്ദർശനം.<br>പഠനോത്സവം | | |

## ക്ലാസ് IV

## മലയാളം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരൽ .<br><br>വായനശേഷി വളർത്തൽ<br>വായനശേഷിയുടെ വികസനം<br>എഴുത്ത് പരിപോഷിപ്പിക്കൽ<br>ഡയറി എഴുതൽ.<br><br>വിവരണങ്ങൾ ഡയറി എന്നിവയിലൂടെ ഭാഷാശേഷി വികസനം .<br><br>ലേഖന ശേഷി വർദ്ധിപ്പിക്കൽ<br>സാഹിത്യകാരന്മാരെ അടുത്തറിയൽ<br>അറിവ് നേടൽ.<br><br>നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ<br>സാഹിത്യകാരന്മാരെ ഓർക്കാൻ ഓർമ്മ ദിനങ്ങൾ ആചരിക്കൽ. | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ.<br><br>ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ ,വായിക്കാം വളരാം<br>ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, എഴുതാൻ തെളിയാം.<br><br>പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ.<br><br>എഴുത്തുകാരുമായി സംവദിക്കൽ<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ<br>രുചിച്ചറിയാം .<br><br>ഭക്ഷ്യമേള, പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം.<br><br>ക്ലാസിൽ ഒരു സദ്യ, ഓർക്കാം അഭിമാനിക്കാം | | |

| | | | |
|---|---|---|---|
| | സാഹിത്യകാരന്മാരുടെ ചരമദിനാചരണങ്ങൾ.<br><br>സംഘടിപ്പിക്കൽ, ഡോക്യുമെൻററി പ്രദർശനം, പുസ്തക പരിചയം. | | |

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-2026**

- June: എന്റെ വിദ്യാലയം കുറിപ്പ്
- July: ജീവചരിത്രക്കുറിപ്പ് , ( സ്വതന്ത്ര സമര സേനാനികൾ )
- August: കവിത രചന, ( വിഷയം നൽകുന്നു )
- September: കഥാരചന, (സൂചനകളിൽ നിന്ന്)
- October: പ്രസംഗം തയ്യാറാക്കൽ അവതരണം
- November: ആശംസ കാർഡ് നിർമ്മാണം
- December: യാത്ര വിവരണം തയ്യാറാക്കൽ
- January: ദൃശ്യാവിഷ്കാരം

# English:

| AIMS | ACTIVITIES | PERIOD | INCHARGE |
|---|---|---|---|
| Read and write English fluently. | English assembly | June | Subject Teacher |
| Write without mistake | English diary | July | |
| Enrich English language | Write diary routine | August | |
| Skill development | Changing the part of English lesson to | September | |
| Skill development | conversation, skit etc. | October | |
| Process writing skill development reading | English magazine | November | |
| and writing skill | English handwriting | December | |
| Enrich English reading | English corner | January | |
| developed the skill | English corner | February | |
| | reading corner | | |

**COMPREHENSIVE QUALITY EDUCATION PROGRAMME 2025-26**

- June: My self
- July: Puzzles, Riddles, (Collection)
- August: Add more lines
- September: Diary

- October: Story writing
- November: Speech
- December: Greeting card
- January: Tour report writing
- February: Roleplay

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠനം സുതാര്യമാക്കൽ,<br>ഗണിത ലാബ് ഉപയോഗപ്പെടുത്തൽ.<br>ഗണിതരൂപങ്ങളുടെ പ്രായോഗിക<br>മൂല്യം തിരിച്ചറിയും<br>ഗണിത ശേഷികളുടെ പ്രകടനം<br>ഗണിത പഠനം രസകരമാക്കൽ,<br>ചതുഷ്ക്രിയകൾ രസകരമാക്കൽ | ഗണിത ലാബ്<br>ഗണിത ചുമർ ഒരുക്കൽ,<br>പഠനത്തിന് ഉപയോഗപ്പെടുത്തൽ<br>ഗണിത മേള<br>വിവിധതരം കളികൾ<br>ആസൂത്രണംചെയ്യൽ, നടപ്പാക്കൽ.<br>മൂല്യനിർണയം | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | |

| | | | |
|---|---|---|---|
| ശേഷികൾ മൂല്യനിർണയം<br>ചെയ്യുന്നതിന്<br>ഗണിതശാസ്ത്ര പഠനം<br>രസകരമാക്കൽ, കരചലനശേഷി<br>വികാസം<br>ഗണിതശാസ്ത്ര പഠനം രസകരമാക്കൽ | ഏണിയും പാമ്പും<br>ഡയസ് കളി<br>സങ്കലനം ,വ്യവകലനം<br>ഒറിഗാമിയിലൂടെ പഠിക്കാം<br>ഒറിഗാമി രൂപങ്ങൾ നിർമ്മാണം<br>പ്രദർശനം. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | |

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-2026**

- June:  ജാമിതീയ രൂപങ്ങൾ നിർമ്മാണം
- July: ദേശീയ പതാക നിർമ്മാണം
- August:  ഗണിത പൂക്കള നിർമ്മാണം
- September: പൂന്തോട്ട നിർമ്മാണം ( അളവുകൾ)
- October: തൊപ്പി നിർമ്മാണം
- November: നക്ഷത്ര നിർമ്മാണം
- December: പുതുവർഷ കലണ്ടർ നിർമ്മാണം
- January: ഉൽപ്പന്നങ്ങളുടെ പ്രദർശനം

## പരിസരപഠനം :

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിരീക്ഷണം അറിവ് നിർമാണം | പ്രകൃതി നടത്തം | ജൂൺ | |
| ശാസ്ത്ര പഠനം ലളിതവും രസകരവും | പാഠഭാഗവുമായി ബന്ധപ്പെട്ട | ജൂലൈ | |
| ആക്കൽ | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ഓഗസ്റ്റ് | |
| ഭൂപടവായന, ഭൂപട രചന, സൂചിക | ശാസ്ത്ര മൂല | സെപ്റ്റംബർ | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ഭൂപടം ഒരുക്കാം | ഒക്ടോബർ | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ | കേരളം ഇന്ത്യ ഭൂപട വായന | നവംബർ | |
| അറിവുകളുടെ പ്രയോഗം | ശാസ്ത്ര വിസ്മയ ചുമർ | ഡിസംബർ | |
| നേടിയ ശേഷികൾ | ശാസ്ത്രോത്സവം | ജനുവരി | |
| പ്രവർത്തികമാക്കൽ | പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | ഫെബ്രുവരി | |
| അറിവുകളുടെ രചന | ശാസ്ത്ര മാസിക നിർമ്മാണം. | മാർച്ച് | |

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025-2026**

- June: ആൽബം നിർമ്മാണം
- July: പതിപ്പ് നിർമ്മാണം ( സ്വാതന്ത്ര്യ ദിനം)
- August: ഉത്സവം കലണ്ടർ നിർമ്മാണം
- September: ഗാന്ധിജിയുടെ ജീവിത സമയരേഖ തയ്യാറാക്കൽ
- October: പ്രച്ഛന്ന വേഷമത്സരം ( ശിശുദിനം)
- November: നക്ഷത്രം നിർമ്മാണം
- December: ഫീൽഡ് ട്രിപ്പ്
- January: പരീക്ഷണങ്ങൾ

# MASTER PLAN

# UP

# 2025-26

ക്ലാസ് V:

മലയാളം :

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * ഇത്തിരിപ്പൂവേ കുരുന്നു പൂവേ ഒപ്പം ചിരിക്കാം ഓർത്തു ചിരിക്കാം.<br>* താളവും ഈണവും ഭാവവും ഉൾക്കൊണ്ട് കവിത ചൊല്ലി അവതരിപ്പിക്കുക.പ്രകൃതിയെ കുറിച്ചുള്ള കവിതകളുടെ ആസ്വാദനം വാചി കമായും ലിഖിതമായും അവതരിപ്പിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക. പ്രകൃതിസൗന്ദര്യവും പരസ്പരബന്ധവും തിരിച്ചറിയുന്നു.* * ഒപ്പം ചിരിക്കാൻ ഓർത്തു ചിരിക്കാം<br>* കവിത ആസ്വദിക്കുക.<br>* ജീവിത സന്ദർഭങ്ങൾ,അനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ.* * നടന്നുനടന്ന് പിന്നെ പറന്നു പറന്നു<br>* വിവിധ രചന കളിലെ ഭാഷാവതകളുടെ സവിശേഷതകൾ | * ആസ്വാദനക്കുറിപ്പ് (മണ്ണിന്റെ കിനാവുകൾ) മനോഭാടം തയ്യാറാക്കുക.<br>*രണ്ടുപേരുടെ ഗ്രൂപ്പിൽ അവതരണം.<br>* പൊതു അവതരണം.<br>* വിലയിരുത്തൽ.* ചുമർ പത്രിക<br>*പൂവിന്റെ ചിത്രങ്ങളും വിശദാംശങ്ങളും കണ്ടെത്തി ചുമർ പത്രിക നിർമ്മാണം.<br>*വർണ്ണന<br>* മഴയഴക് (കാട്ടിലെ മഴ )<br>* വർണ്ണന തയ്യാറാക്കൽ (വ്യക്തിഗതം)<br>* സൂചകങ്ങളുടെ സഹായത്തോടെ മെച്ചപ്പെടുത്താൻ വിവിധ എഴുത്തുകാരുടെ മഴ അനുഭവങ്ങൾ.* കടങ്കഥ പയറ്റ്* (വായുവില്ലാത്ത ലോകം)<br>* കടങ്കഥകളുടെ സവിശേഷതകൾ- | ജൂൺ മുതൽ ആഗസ്റ്റ്<br>ജൂൺ മുതൽ ആഗസ്റ്റ് വരെ<br>സെപ്റ്റംബർ , ഒക്ടോബർ , നവംബർ | |

| | | | |
|---|---|---|---|
| തിരിച്ചറിഞ്ഞ് സ്വന്തം പ്രകടനങ്ങളിലും വ്യവഹാര രൂപങ്ങളിലും ഉപയോഗിക്കുക.<br>* തീവ്രമായ ജീവിത അനുഭവങ്ങളെ വൈകാരികമായി ഭാഷയിൽ പുതുമയോടെ ആവിഷ്കരിക്കുക.<br>*കുടയോളം ഭൂമി<br>* രചനകളുടെ രൂപഘടന ഉള്ളടക്കം ആവിഷ്കാരം എന്നിവയെ കുറിച്ചുള്ള ധാരണ നേടുക കവിതകളുടെ സൗന്ദര്യതലം തിരിച്ചറിഞ്ഞ് ആസ്വാദനം, സംഭാഷണം, മുദ്രാഗീതങ്ങൾ സന്ദേശവാക്യങ്ങൾ തയ്യാറാക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു.* കടലോളം സ്നേഹം<br>* സാഹിത്യ രൂപങ്ങളിൽ നിന്നും വൈകാരികമായി ഉൾക്കൊണ്ട വസ്തുതകളിലൂടെ ലോകം ഒന്നായി കാണാൻ കഴിയുന്നു.<br>* സുഹൃത്ത് ബന്ധങ്ങൾ എല്ലാറ്റിനെയും | ചർച്ച -പദസൂര്യന്റെ സഹായത്തോടെ.<br>* കടങ്കഥ പുസ്തകങ്ങൾ ശേഖരിക്കുന്നു (ലൈബ്രറി ).*<br>* കഥാപാത്ര പരിചയം നീർനാഗം).<br>* കഥാവായന.<br>*കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തൽ ബഷീറിന്റെ ബാപ്പ.<br>*കഥാപാത്രപരിചയം കുറിപ്പ് (വ്യക്തിഗതം )*<br>* വായനക്കുറിപ്പ്( മ്മണി ബാല്യ ലോകം)<br>* വായനശാല സന്ദർശനം.<br>* ബഷീർ കൃതികൾ കണ്ടെത്തൽ<br>* വായനകുറിപ്പ് വ്യക്തിഗത രചന.<br>* പതിപ്പ് തയ്യാറാക്കൽ പ്രകാശനം.<br><br>* അനുഭവം പറയൽ (യാത്ര അനുഭവം.) | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | |

| | | | |
|---|---|---|---|
| ഉൾക്കൊള്ളുന്ന മൈത്രിയായി വളരുന്നു.<br>* വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ സാധിക്കുന്നു.<br>* വ്യക്തികൾ തമ്മിലുള്ള സ്നേഹബന്ധത്തെ പ്രപഞ്ച സ്നേഹവുമായി വികസിപ്പിക്കാൻ കഴിയുന്നു.<br>* ലോകത്തെ ഒന്നായി കാണാൻ കഴിയുന്നു. | * നടത്തിയ യാത്രയെ കുറിച്ചുള്ള കാര്യങ്ങൾ ഓർത്തെടുക്കൽ യാത്രയ്ക്കുള്ള സ്ഥലം തീയതി.<br>*അനുഭവക്കുറിപ്പ് (മുറ്റത്തെ മുല്ലയ്ക്ക് മണമില്ല) അനുഭവക്കുറിപ്പ് തയ്യാറാക്കുക.<br>* കത്ത് കത്ത് എങ്ങനെ തയ്യാറാക്കാം വ്യക്തിഗത രചന.<br>* പ്രത്യേകം പരിഗണന വേണ്ട കുട്ടികൾക്ക് സഹായം കൊടുക്കണം<br>* പൊതുവായി അവതരണം.<br><br>*പരിചയപ്പെടുത്തൽ കുറിപ്പ് (ആലീസിന്റെ അത്ഭുതലോകം).<br>* ചെറു കുറിപ്പുകൾ തയ്യാറാക്കൽ.<br>* പരിചയപ്പെടുത്തൽ കുറിപ്പ് രചന.<br>* പ്രസംഗം (മണ്ണ് അറിവ്,പൊന്നറിവ്).<br>* പഴഞ്ചൊല്ലുകൾ കണ്ടെത്തലുകൾ, കുറിക്കൽ.<br>* പ്രസംഗം തയ്യാറാക്കൽ | ജനുവരി മുതൽ മാർച്ച് വരെ | |

| | | | |
|---|---|---|---|
| | (വ്യക്തിഗതം).<br>*സംഭാഷണം (ഹൃദയപൂർവ്വം പറഞ്ഞത്).<br>* കഥ വായിച്ച് സംഭാഷണ ഭാഗങ്ങൾ കണ്ടെത്താൻ.<br>*മുദ്രാ ഗീതങ്ങൾ,സന്ദേശവാക്യങ്ങൾ ഭൂമിക്കായി എങ്ങനെ തയ്യാറാക്കാം.<br>* ഭൂമിയുടെ അവകാശികൾ ബഷീർ എന്ന കാർട്ടൂൺ പ്രദർശനം.<br>* പഠന പിന്നോക്കകാർക്ക് വരയിലൂടെയും പറച്ചിലിലൂടെയും പ്രവർത്തനങ്ങൾ കൊടുക്കുന്നു.*<br><br>* താരതമ്യക്കുറിപ്പ് ചർച്ചയിലൂടെയും ചർച്ചാ ചോദ്യങ്ങളുടെയും താരതമക്കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നു.ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. | | |

| | | | |
|---|---|---|---|
| | * അഭിപ്രായക്കുറുപ്പ് (ഞങ്ങളും പറയുന്നുണ്ട്) ചർച്ചയിലൂടെ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു കുറി പ്പ്.<br>* ഡയറിക്കുറിപ്പ് ഓർമ്മത്താളിലേക്ക് കുട്ടിയുടെ അന്നത്തെ ദിവസം നടന്ന സംഭവങ്ങൾ തുടർച്ചയായി പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | | |

**സമഗ്ര ഗുണമ വിദ്യാഭ്യാസ പദ്ധതി2025-26:**

* ജൂൺ- പൂവിന്റെ ചിത്രശേഖരണം ആൽബം ക്ലാസ് ഫലം.

* ജൂലൈ - കടങ്കഥ ശേഖരണം ക്ലാസ് ഫലം.

* ആഗസ്റ്റ് - ബഷീർ കൃതികൾ കണ്ടെത്തി എഴുതുക ക്ലാസ് ഫലം.

* സെപ്റ്റംബർ - യാത്രയയ അനുഭവം തയ്യാറാക്കുക.

* ഒക്ടോബർ - കൂട്ടുകാരനോ ഒരു കത്ത് എഴുതുക.

* നവംബർ - പഴഞ്ചൊല്ലുകളുടെ ശേഖരണം

* ഡിസംബർ - ആശംസ കാർഡ് നിർമ്മാണം പരസ്പരം കൈമാറൽ.

* ജനുവരി മുതൽ മാർച്ച് വരെ ഡിക്ഷ്ണറി ഉണ്ടാക്കുക.

**ENGLISH**

| AIMS | ACTIVITIES | PERIOD | INCHARGE |
|---|---|---|---|
| Develop the four basic language skills.<br><br>Listening speaking reading and writing<br><br>To improve the speaking skills<br><br>To improve an encourage the fluency in reading.<br><br>To develop an empowering the writing skills. | To intract story telling session discussing teams characters and plots to enhance listening skill<br><br>Listening activities<br>Listen and answer<br><br>Children lack about shots English videos and videos after listening team Group discussion and role play to improve speaking skills<br><br>Activities to enhance speaking activitiesare being carried out in class Speaking practice marks<br><br>Speaking activities recitation role play story telling<br><br>Introduce yourself daily routine about your school<br><br>Students in to groups and give an a Passage to read and after reading it they are asked you read it individually and come in groups makes the necessary changes<br><br>Read about the story read the story with expression focusing on clarity and pronunciation | June<br><br>July | |

| | | | |
|---|---|---|---|
| Improve word power and spelling and conduct copywriting practice. | Reading allowed practice<br><br>Reading activities, story reading loud reading picture reading comprehension passage | August | |
| Learning the ability to write interesting small stories. | Giving the opportunity to the read allowed one period per week<br><br>Confidence in the writing small sentence and paragraphs<br>Teacher display some words on the chart the children read the words once or twice | Throughout the year | |
| To enrich the learners vocabulary<br>Improve vocabulary. | Read the words once or twice and there asked to write  them if there not books without looking at them poever rights the most words is declared the winner | September | |
| Learn basic grammar rules grammer, personal writing sharing | Sentence making descriptions story completion describing pictures<br><br>Dictation copyrighting practice | October | |
| Sentence construction. | Recite the poem and write any five in your words with their meanings<br><br>Write new words on the board | November | |
| Belt language skills vocabulary comprehension. | Right small stories<br><br>Short quiz oral share stories word | | |

| | | | |
|---|---|---|---|
| | games monthly oral and written test | | |
| Vocabulary development. | Monthly oral and written test | | |
| You to writing English without mistakes | To improve confidence in the writing small sentence and paragraphs and diary<br><br>Writing word meaning and spelling practice | | |
| Increase confidence in the English language. | Land basic grammar structures, simple grammar practice exercise<br>Comprehension asked into what were when questions | | |
| Receit the poem with correct rhythm, into nation and expression. | Matching game sentence creation write a short paragraph about your favourite character | | |
| Understand the theme and mode of the poem. | Vocabulary activity words on the board<br>Introduce words<br>Listen and use new words from the text discuss and clarify | | |
| Activity based assessments language games puzzles group drama and drawing. | Introduce difficult words in the class and the students and the difficult words and its meaning | December | |
| World Bank corner | Magazine and mini dictionary are prepared with children artworker end of year | January | |
| | English camp conducted by involving | | |

| | | | |
|---|---|---|---|
| Story telling day<br>English song<br><br>Book review<br>English exhibition.<br><br><br><br>Opportunities to listen and speak English properly<br><br>Breaking news<br><br>Radar of the month | parents and other members of the community who are proficient in English students are given an opportunity to come forward with various programs in 5th standard story telling and story writing<br><br>Opportunity to prepare and present riddles trick question dogs and quizzes are given an opportunity to prepaid and present in the class<br><br>Recitation teacher reads the poem about with rhythm and expression students repeat the teacher Coral recitation<br><br>Encourage individual recitation teacher recite the poem with proper rhythm International and expression Create there our poem<br><br>Recite the poem at home and write any five new words with the meaning<br><br>Integrated language games and activities to reinforce vocabulary grammar and activity enna engaging way students to the draw the picture related to the text<br><br>Audio new words from each chapter<br><br>Children make there on little stories on tell them | March<br><br><br><br>Throughout the year | |

| | | | |
|---|---|---|---|
| | One session per Month<br><br>Poem recitation day<br>One story<br><br>Part term<br><br>Display of drawing word charts creative sentence<br><br>English is recorded and presented in a simple and fun way encouraging the child to the give answers to the related questions<br><br>English radio news record and played providing an opportunity to hear correct pronunciation<br><br>Provides and opportunity to read English newspapers and honoring The Reader of the month. | February March | |

**COMPREHENSIVE QUALITY EDUCATION PROGRAMME 2025-26**

- June: Wedding corners and reading habits promotion library reading campaign
- July:Oral fluency camps conducted monthly to boost confidence and pronunciation
- August:Poem recitation

- September: Ka karikula and life skills development, quizzes, creative writing
- October: Reading machine encourage minimum one book per student
- November: Reading cards postage making
- December: Inclusive education activities for children with special needs colouring competition
- January:  class magazine and dictionary making
- February: Emphasis on language skills, Reading comprehension writing short stories letters
- March: Project work,Create posters, chart, Demonstrating vocabulary and word game

## അടിസ്ഥാനശാസ്ത്രം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിസര നിരീക്ഷണം അപഗ്രഥനം എന്നിവയിലൂടെ വിവിധ ജീവികളുടെ ആഹാരം കണ്ടെത്തുന്നു.<br><br>നിരീക്ഷണം, വിവരശേഖരണം എന്നിവയിലൂടെ പകരുന്ന രോഗങ്ങൾ | ചർച്ച- പരിസരത്തുള്ള ജീവികളുടെ ആഹാരം നിരീക്ഷിക്കുന്നു. ആഹാര കാർഡ് തയ്യാറാക്കുന്നു.<br><br>ക്ലാസിൽ വരാത്ത കുട്ടികളുടെ | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ് | |

| | | | |
|---|---|---|---|
| അല്ലാത്തവ- പട്ടികപ്പെടുത്തുന്നു<br><br>വിത്ത് മുളക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ<br><br>പരീക്ഷണത്തിൽ ഏർപ്പെടൽ<br><br>വിവരശേഖരണം, നിരീക്ഷണം, എന്നിവയിൽ ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കുന്നു | കാരണം കണ്ടെത്തി രേഖപ്പെടുത്തുന്നു. മഴക്കാല രോഗങ്ങളും അതിൽ നിന്നും മറ്റ് വിവരശേഖരണത്തിലൂടെയും<br>പകരുന്ന രോഗങ്ങൾ പകരാത്ത രോഗങ്ങൾ ലിസ്റ്റ് ചെയ്യുന്നു<br><br>ഗ്രൂപ്പിൽ- വിത്ത് നടന്നു. ശേഷം നിരീക്ഷിച്ചു ബുക്കിൽ രേഖപ്പെടുത്തുന്നു.<br><br>പരീക്ഷണം ചെയ്യുന്നു<br>കത്താൻ വായു ആവശ്യമുണ്ടോ?<br>ഗ്രൂപ്പിൽ പരീക്ഷണം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു<br><br>വിവിധതരം ജീവികളെ കണ്ടുപിടിച്ച് പട്ടികപ്പെടുത്തുന്നു | സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | |

**സമഗ്ര ഗുണമ വിദ്യാഭ്യാസ പദ്ധതി2025-26:**

- ജൂൺ- ആഭാസങ്ങൾ പരിചയപ്പെടുത്തൽ
- ജൂലൈ -മൈക്രോസ്കോപ്പ് പരിചയപ്പെടുത്തൽ
- ഓഗസ്റ്റ് -രോഗങ്ങൾ തരംതിരിക്കുന്നു, പരിസര ശുചീകരണം ബോധ്യപ്പെടുത്തൽ
- സെപ്റ്റംബർ- പരീക്ഷണം ചെയ്യൽ
- ഒക്ടോബർ- ശാസ്ത്രനിർമ്മാണം പരിചയപ്പെടുത്തൽ
- നവംബർ- വിത്ത് നടൽ
- ഡിസംബർ -ആൽബം തയ്യാറാക്കൽ
- ജനുവരി -ചിത്രം വര, ജ്ഞാനേന്ദ്രിയങ്ങൾ പരിചയപ്പെടുത്തൽ
- ഫെബ്രുവരി -ജീവികളുടെ ചിത്രങ്ങൾ ശേഖരിക്കൽ
- മാർച്ച് -വിത്തുകളുടെ ആൽബം തയ്യാറാക്കൽ

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * നമുക്ക് ചുറ്റുമുള്ള ജാമിതിയ രൂപങ്ങൾ തിരിച്ചറിയുന്നു ഗണിത പഠനം മധുരമാക്കുന്നു.<br>* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.<br>* വലിയ സംഘ്യകൾ വായിക്കാനുള്ള | * ചുറ്റുപാടുമുള്ള ജാമതിയ രൂപങ്ങൾ ലിസ്റ്റ് ചെയ്യുക. ജാമ്യ രൂപങ്ങൾ കൃത്യതയോടെ വരച്ച ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br>*ജ്യാമതീയ പാറ്റേണുകൾ മനോഹരമായ വരയ്ക്കുന്നു | | |

| | | | |
|---|---|---|---|
| മാർഗം മനസ്സിലാക്കി ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ.<br>* മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ<br>* സമയം കൃത്യമായി കണ്ടെത്താനും ദിവസങ്ങൾ കണക്കാക്കാൻ വേണ്ടി ക്ലോക്ക് കലണ്ടർ ഇവയുടെ ഉപയോഗം മനസ്സിലാക്കാൻ.<br>* വിവിധ രീതിയിലുള്ള അളവുകൾ മനസ്സിലാക്കുന്നു.<br>* ജാമ്യ രൂപങ്ങളുടെ പരപ്പളവ് ചുറ്റളവ് എന്നിവ കണ്ടെത്തുന്നു പ്രായോഗിക തലത്തിൽ.<br>* കുട്ടികളിലെ ഗുണന ഹരണ ശേഷി വർദ്ധിപ്പിക്കൽ ഇതിലൂടെ ഗണിതാസ്വാദനം സാധ്യമാക്കാം.<br>* ഐസിടി സാധ്യതകൾ പരിചയപ്പെടുത്തുന്നു | നോട്ടിലും ചാർട്ടിലും.<br>* കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (മഞ്ചാടിക്കുരു മുത്തുകൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കുന്നു).* *<br>*ജൂലൈ മാസം<br>* വലിയ സംഖ്യകൾ അക്ക ത്തിലും അക്ഷരത്തിലും ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.<br>* സംഖ്യകൾ കണ്ടെത്തി ഗണിത നോട്ടുബുക്കിൽ ശേഖരിക്കുന്നു.<br>* സംഖ്യ പസിൽസ് കണ്ടെത്തുന്നു<br>* വർഷത്തിലൊരിക്കൽ<br>* ഗണിതത്തിൽ പ്രാവണ്യമുള്ള അധ്യാപകരെ( മറ്റു വിദ്യാലയങ്ങളിലും മേഖലകളിലും ഉള്ളവർ കൊണ്ടുവന്ന്) പിന്നോക്കം | | |

| | | | |
|---|---|---|---|
| | നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.* നവംബർ ഡിസംബർ<br>* ക്ലോക്ക് നിർമ്മിക്കുന്നു (കാർഡ്ബോർഡ് ) | | |

**സമഗ്ര ഗുണമ വിദ്യാഭ്യാസ പദ്ധതി2025-26:**

- ജൂൺ - * ജാമതിയെ പാറ്റേണുകൾ രൂപങ്ങൾ ഇവ കൃത്യതയോടെ വരച്ച ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- ജൂലൈ , ഓഗസ്റ്റ് -* ഗണിത ശാസ്ത്രജ്ഞന്മാരെ പറ്റിയുള്ള ബുക്കുകൾ (ഒരു കുട്ടി ഒരു ബുക്ക് വീതം എങ്കിലും) വായിച്ച് ഗണിതശാസ്ത്രജ്ഞനെ മറ്റു കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു A4ഷീറ്റിൽ എഴുതുന്നു.*
- സെപ്റ്റംബെർ- * ഇന്ത്യയിലെ ഓരോ സംസ്ഥാനത്തെയും ജനസംഖ്യ കണ്ടെത്തി വായിക്കുന്നു രേഖപ്പെടുത്തുന്നു.
- ഒക്ടോബർ -* ഇന്ത്യയിലെ ജനസംഖ്യ കൂടിയ സംസ്ഥാനം കുറഞ്ഞത് നിന്ന് വലുതിലേക്ക് വലത്തുനിന്ന് ചെറുതിലേക്ക് ഇങ്ങനെ കണ്ടെത്തുന്നു
- ക്ലാസ് തല ക്വിസ് മത്സരം. *

- നവംബർ -* ഗണിതത്തിൽ പ്രാഗൽഭ്യം ഉള്ള അധ്യാപകരെ (മറ്റു വിദ്യാലയങ്ങളിലും മേഖലകളിലും ഉള്ളവരെ കൊണ്ടുവന്നു) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.* ഡിസംബർ -* ക്ലോക്ക് നിർമ്മാണം (കാർഡ് ബോർഡ് തെർമോകോൾ).
- ജനുവരി- * കലണ്ടർ നിർമ്മിക്കുന്നു ജന്മദിന കലണ്ടർ തയ്യാറാക്കുന്നു.
- ഫെബ്രുവരി- * ട്രാഫിക് സിഗ്നലുകൾ വരച്ച് അതിലെ ജാമിതീയ രൂപങ്ങൾ കണ്ടെത്താൻ.
- *മാർച്ച് - ഗണിത ക്വിസ് മത്സരം

## സാമൂഹ്യ ശാസ്ത്രം:

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കൾ തന്റെയും സഹപാഠികളുടെയും സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന് | എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി വ്യക്തിഗത Profile തയ്യാറാക്കുന്നു.<br>സ്വന്തം ഗ്രാമം- വിവരണം<br>🍁 ചിത്രരചന | ജൂൺ | |
| പഠിതാക്കൾ വിവിധ ജീവിത പശ്ചാത്തലം മനസ്സിലാക്കുന്നതിന് | 🍁 പല സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളുടെ അനുഭവങ്ങൾ കേൾക്കുന്നതിനും വായിക്കുന്നതിനും | ജൂലൈ | |
| ആദികാല മനുഷ്യരുടെ ഭക്ഷണ സമ്പാദന രീതികൾ രീതികൾ | 🍁 സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് | | |
| വിവിധതരം ഭക്ഷ്യവസ്തുക്കളെ കുറിച്ച് ധാരണ നേടുന്നതിന് | 🍁 വീഡിയോസ്, ICT | | |
| വിവിധതരം തൊഴിലുകളെ കുറിച്ച് ധാരണ | 🍁 കണ്ടെത്തിയ കാര്യം അവതരിപ്പിക്കൽ<br>🍁 കുറിപ്പ് തയ്യാറാക്കൽ | | |

| | | | |
|---|---|---|---|
| വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന്<br><br>വിവിധതരം വസ്ത്രങ്ങൾ<br><br>വസ്ത്രത്തിന്റെ ഉപയോഗം<br><br>ഭൂപടം, ഗ്ലോബ് വായന,അംഗീകൃത നിറങ്ങൾ, ചിഹ്നങ്ങൾ അടയാളങ്ങൾ തിരിച്ചറിയുന്നു.<br><br>സ്ഥാനം, ദിശ എന്നിവ കണ്ടെത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനും<br><br>ജനാധിപത്യ ജീവിത സമൂഹങ്ങളെ തിരിച്ചറിയുന്നതിനും ജീവിത സമീപനം രൂപപ്പെടുത്തുന്നതിനും<br><br>വിവിധ കാലഘട്ടങ്ങളിലെ ഗതാഗത ആശയവിനിമയോപാധി കളെ കുറിച്ചുള്ള വിവരശേഖരണം.<br><br>പ്രാദേശിക ഭൂമിശാസ്ത്ര സവിശേഷതകളും കേരളത്തിന്റെ ഭൂമിശാസ്ത്ര സവിശേഷതകളും നിരീക്ഷിച്ച് പ്രാദേശിക ഭൂമിശാസ്ത്ര രേഖ തയ്യാറാക്കൽ. | 🍁 വിവിധതരം ആഹാരങ്ങൾ പട്ടികപ്പെടുത്തൽ<br>🍁 ആഹാരസാധനങ്ങളുടെ ചിത്രം ശേഖരണം.<br>🍁 വിവിധതരം ആഹാരങ്ങൾ ഗുണവും ദോഷവും- കുറിപ്പ്<br><br>🍁 രക്ഷിതാക്കളുടെ തൊഴിലുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു - പട്ടികപ്പെടുത്തുന്നു<br><br>🍁 ഓരോ കുടുംബത്തിന്റെയും വരുമാനം വ്യത്യാസപ്പെട്ടിരിക്കുന്നു ചർച്ച- ചർച്ചാക്കുറിപ്പ്. വരുമാന മാർഗ്ഗങ്ങൾ പട്ടികപ്പെടുത്തുന്നു<br><br>🍁 ചിത്രശേഖരണം, പേര്, പട്ടികപ്പെടുത്തൽ, ചിത്രം വരയ്ക്കൽ, മോഡൽ നിർമ്മാണം, കരകൗശല വസ്തുക്കൾ നിർമ്മാണം.<br><br>🍁 ചർച്ച<br>ചർച്ച കുറിപ്പ്,- വ്യക്തിഗതം<br><br>🍁 ഗ്ലോബ്, ഭൂപടം വായന | ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ | |

| | | | |
|---|---|---|---|
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.<br><br>സമൂഹത്തിൽ നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ -സ്വാധീനിക്കുന്ന ഘടകങ്ങൾ.<br><br>സാമൂഹിക സാമ്പത്തിക പിന്നോക്കമറികടത്താൻ സർക്കാർ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.<br><br>സൗരയൂഥം, സവിശേഷതകൾ, പ്രത്യേകതകൾ ധാരണ നേടുന്നതിന്<br><br>സുഗമമായ സംഘ ജീവിതത്തിന് അനിവാര്യമായ നിയന്ത്രണങ്ങളാണ് നിയമങ്ങൾ എന്ന് തിരിച്ചറിഞ്ഞ് നിയമവ്യവസ്ഥകൾ പാലിക്കുന്നതിന്.<br><br>കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് ധാരണ നേടുന്നതിന്.<br><br>നിയമവും സൈബർലോകവും | 🍁 നിറങ്ങൾ, ചിഹ്നങ്ങൾ, അടയാളങ്ങൾ സ്വയം കണ്ടെത്തി പറയുന്നു<br><br>🍁 ദിശ കണ്ടെത്തുന്നു( സൂര്യൻ- ഉദയം) വിദ്യാലയം, വീട്, ദിശ കണ്ടെത്തൽ<br>🍁 വീടിന്റെ രൂപരേഖ തയ്യാറാക്കൽ.<br>🍁 ക്ലാസിന്റെ രൂപത രേഖ തയ്യാറാക്കാൻ<br><br>🍁 ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസ്സിലാക്കുന്നു<br>🍁 മനസ്സിലാക്കിയ കാര്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു.<br><br>🍁 വീഡിയോ പ്രസന്റേഷൻ (ആദ്യകാലത്തെ മനുഷ്യരുടെ വാഹനങ്ങൾ സഞ്ചാര മാർഗ്ഗങ്ങൾ ചക്രത്തിന്റെ കണ്ടുപിടുത്തം)<br>🍁Flow chart പൂർത്തിയാക്കൽ<br>🍁 താരതമ്യക്കുറിപ്പ് - പഴയകാലത്തെയും പുതിയകാലത്തെയും ഗതാഗത | നവംബർ<br><br>ഡിസംബർ<br><br>ജനുവരി | |

| | | | |
|---|---|---|---|
